## പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. T 3715 19-02-2013 ന് മറുപടിയ്ക്ക്

## വനം വകുപ്പിൽ ഫയലുകൾ തീർപ്പാക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>,, വി. റ്റി. ബൽറാം<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, വി. പി. സജീന്ദ്രൻ | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) വനം വകുപ്പിൽ തീർപ്പാകാതെ അവശേഷിക്കുന്ന ഭൂരിഭാഗം ഫയലുകളും തീർപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സർക്കാരിന്റെ നൂറുദിന പരിപാടി, ഒരു വർഷ കർമ്മ പരിപാടി, വനം വകുപ്പിൽ പ്രത്യേകമായി നടപ്പിലാക്കിയ 'സാറ്റർഡേ പ്രോഗ്രാം' എന്നിവയുടെ ഭാഗമായി വനം വകുപ്പിൽ ദീർഘകാലമായി തീർപ്പുകൽപ്പിക്കാതെ കിടക്കുന്ന ഫയലുകളിൽ സമയബന്ധിതമായി നടപടികൾ കൈക്കൊണ്ട് തീർപ്പു കൽപ്പിക്കുന്നതിനുള്ള തീവ്രയജ്ഞ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) (സി) & (ഡി) ദീർഘകാലമായി തീർപ്പുകൽപ്പിക്കാതെ കിടക്കുന്ന ഫയലുകളിൽ സമയബന്ധിതമായി നടപടികൾ കൈക്കൊണ്ട് എത്രയും വേഗം ഉചിതമായ അന്തിമ തീരുമാനമെടുത്ത് ഫയലുകൾ തീർപ്പാക്കി ഗുണഭോക്താക്കൾക്ക് കാലതാമസം കൂടാതെ നീതി ലഭ്യമാക്കുക എന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. |

(ഡി) ഇതിനായി അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ

(ഇ) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നറിയിക്കുമോ?

സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി ദീർഘകാലമായി കെട്ടിക്കിടക്കുന്ന ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായുള്ള ഊർജ്ജിത നടപടിയുടെ ഭാഗമായി സർക്കാർ തലത്തിലും വകുപ്പ് തലത്തിലും അദാലത്തുകൾ സംഘടിപ്പിച്ച് 44731 ഫയലുകൾ അന്തിമ തീർപ്പാക്കിയിട്ടുണ്ട്.

സർക്കാരിന്റെ ഒരു വർഷ കർമ്മ പരിപാടിയുടെ ഭാഗമായി ഫയലുകൾ തീർപ്പാക്കാനുള്ള പ്രത്യേക നടപടി സ്വീകരിക്കുകയും റെയിഞ്ച് തലം മുതൽ വനം വകുപ്പ് ആസ്ഥാനം വരെ തീർപ്പ് കൽപ്പിക്കാനുള്ള ഫയലുകളുടെ ലിസ്റ്റ് തയ്യാറാക്കി കാലപ്പഴക്കത്തിന് മുൻഗണന നൽകി ഫയലുകൾ തീർപ്പാക്കുവാൻ നടപടി സ്വീകരിച്ചു. അതിന്റെ ഭാഗമായി സർക്കാർ തലത്തിൽ 14.11.2012 മുതൽ 17.11.2012 വരെ അദാലത്ത് സംഘടിപ്പിച്ച് 2010 വരെയുള്ള ഫയലുകളിലെ നടപടി ത്വരിതപ്പെടുത്തുകയും അന്തിമ ഉത്തരവ് നൽകാവുന്നത് തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

2012 ഫെബ്രുവരി മുതൽ വനം വകുപ്പിൽ നടപ്പിലാക്കി വരുന്ന സാറ്റർഡേ പ്രോഗ്രാം പ്രകാരം വനം വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളിലും എല്ലാ ആഴ്ചയിലെയും അവസാന പ്രവൃത്തിദിവസം പ്രസ്തുത ഓഫീസിലെ ഓഫീസ് മേധാവി ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാരും ചേർന്ന് അതാത് ഓഫീസിൽ തന്നെ തീർപ്പാക്കാവുന്ന ഫയലുകൾ തീർപ്പാക്കുന്നതിനുവേണ്ടിയുള്ള പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ട്.

ഓരോ ഓഫീസിലും അതാത് ആഴ്ചകൾ തീർപ്പാക്കുന്ന ഫയലുകളുടെ എണ്ണം വനം വകുപ്പ് ആസ്ഥാനത്ത് അറിയിക്കുകയും വകുപ്പ് .

മേധാവികളുടെ പ്രതിമാസ അവലോകന യോഗത്തിൽ ഇതിന്റെ പുരോഗതി വിലയിരുത്തുകയും ചെയ്തുവരുന്നു. കൂടാതെ സർക്കിൾ തലത്തിലും വനം വകുപ്പ് ആസ്ഥാനത്തും സർക്കാർ തലത്തിലും തീർപ്പാക്കാനുള്ള ഫയലുകൾ തീർപ്പാക്കുന്നതിന്റെ ഭാഗമായി ഫയൽ അദാലത്തുകൾ സംഘടിപ്പിച്ചുവരുന്നു. സർക്കാർ തലത്തിൽ 14.11.2012 മുതൽ 17.11.2012 വരെ ഫയൽ അദാലത്ത് നടത്തുകയും 2010 വരെ പഴക്കമുള്ള ഫയലുകൾ അദാലത്തിന്റെ പരിഗണനയ്ക്ക് എടുക്കുകയും ഉചിതമായ തീരുമാനമെടുത്ത് തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. സർക്കിൾ തല ഓഫീസുകളിലെ ഫയലുകൾ തീർപ്പാക്കുന്നതിനുള്ള അദാലത്തുകൾ സർക്കിൾ തലത്തിലും സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാറ്റർഡേ പ്രോഗ്രാമിന്റെ ഭാഗമായി മാത്രം നാളിതുവരെ 31224 ഫയലുകൾ തീർപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ